# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3863 25.06.2013- ൽ മറുപടിക്ക്**

**ഹാൻടെക്സിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ശശി | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | ഹാന്റെക്സിൽ സെയിൽസ്മാൻ , ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ഈ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; | (എ) | ഹാൻടെക്സിൽ സെയിൽസ്മാൻ തസ്തികയിൽ 32 ഒഴിവുകളും, ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 5 ഒഴിവുകളും നിലവിലുണ്ട്. സെയിൽസ്മാൻ/സെയിൽസ്വുമൺ തസ്തികയുടെ പി.എസ്.സി ലിസ്റ്റ് നിലവിലുണ്ട്. |
| (ബി) | പത്ത് വർഷത്തിന്മേൽ താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എത്ര ജീവനക്കാർ ഓരോ തസ്തികയിലും ഓരോ ജില്ലകളിലും ഉണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പത്തുവർഷത്തിനുമേൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരില്ല. എന്നാൽ വിവിധ ജില്ലകളിൽ ദിവസവേതനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു. |
| (സി) | ഹാന്റെക്സിലെ നിയമനം എന്നു മുതലാണ് പി.എസ്.സിയ്ക്ക് വിട്ടിട്ടുള്ളതെന്നും നിലവിലെ സെയിൽസ്മാൻ തസ്തികയിലേയ്ക്കുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചുവെന്നും വ്യക്തമാക്കുമോ; | (സി) | 25.04.1995 മുതലാണ് ഹാൻടെക്സിലെ നിയമനങ്ങളെല്ലാം പി.എസ്.സിയ്ക്ക് വിട്ടിട്ടുള്ളത്. പി.എസ്.സിയിൽ നിന്നും 50 പേരുടെ അഡ്വൈസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഹാൻടെക്സ് 50 പേർക്കും നിയമന ഉത്തരവ് നൽകിയെങ്കിലും 18 പേർ മാത്രമാണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. |
| (ഡി) | അപ്പെക്സ് സ്ഥാപനങ്ങളിലെ 50% ഒഴിവ് പ്രാഥമിക സഹകരണ സംഘങ്ങളിലെ ;ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുണ്ട് എന്ന വ്യവസ്ഥ ഹാന്റെക്സിൽ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ